നം.കെ.എസ്.എ-കെ.ടി.എം.പി.10/1133/2015 തീയതി:05.10.15

# കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.05.14 മുതൽ 31.07.2015 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, 01.04.2014 മുതൽ 31.07.2015 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. വർഗ്ഗീസ് ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 11.08.2015 മുതൽ 24.08.2015 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഷൈജു എസ്. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീമതി ലേഖ വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി അമ്പിളി എം. (11.08.15 മുതൽ 13.08.15 വരെ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി ശ്രീലത ആർ.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.യോഗേഷ് ആർ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി വാസന്തി തങ്കേശൻ (1.4.13 മുതൽ 31.3.14 വരെ) |
| സെക്രട്ടറി | ശ്രീമതി സി.എസ്.ശോശാമ്മ (1.4.13 മുതൽ 19.7.13 വരെ)<br>ശ്രീ.പി.ജി.മധുസൂധനൻ നായർ (19.7.13 മുതൽ 31.3.14 വരെ) |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സൗമ്യ കെ. | 01.04.13 മുതൽ 31.03.14വരെ |
| കൃഷി ഓഫീസർ | ശ്രീ.പ്രിയകുമാർ പി. | 01.04.13 മുതൽ 31.03.14വരെ |
| വി.ഇ.ഒ. | ശ്രീ.ദിലീപ്കുമാർ വി.<br>ശ്രീ.ഷോബിച്ചൻ കെ.ജെ.<br>ശ്രീ.ഗിരീഷ് കെ.ദാസ് | 01.04.13 മുതൽ 31.03.14വരെ 01.04.13 മുതൽ 04.08.13വരെ 05.08.13 മുതൽ 31.03.14വരെ |
| എെ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഗീതാകുമാരി ബി. | 01.04.13 മുതൽ 31.03.14വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി ഇ.കെ.ഓമന | 01.04.13 മുതൽ 31.03.14വരെ |
| വെറ്റിനറി സർജൻ | ഡോ.പി.ബിജു<br>ഡോ.കുക്കു അച്ചാമ്മ | 01.04.13 മുതൽ 25.10.13 വരെ 26.10.13 മുതൽ 31.03.14 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ശ്രീമതി റോസ്ലിൻ ജോസഫ് | 01.04.13മുതൽ 31.03.14വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.കെ.മനോഹരൻ | 01.04.13മുതൽ 31.03.14വരെ |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിട്ടുള്ള വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദേശങ്ങളും

ഭാഗം 2 : വരവ് കണക്കുകളുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവിനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ , ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ

ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധ പത്രികകള്‍

ഓഡിറ്റ് ചെയ്ത

1. ബാലന്‍സ് ഷീറ്റ്
2. റെസീപ്റ്റ് & പേമെന്റ് അക്കൗണ്ട്
3. ഇന്‍കം & എക്സ്പെന്‍ഡിച്ചര്‍ അക്കൗണ്ട്
4. ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ്

## ഭാഗം -1
## പൊതു അവലോകനം
## പൊതു അവലോകനം

1-1 ബജറ്റ്

2013-14 വര്‍ഷത്തെ ബജറ്റ് 26.03.2013തിയതിയിലെ 1-ാം നമ്പര്‍ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകണക്കുകള്‍ ചുവടെ ചേര്‍ക്കുന്നു.

മുന്നിരിപ്പ് - 3946500

വരവ് -154168950

ആകെ -158115450

ചെലവ് -155213200

നീക്കിയിരിപ്പ് -2902250

ബജറ്റ് സിംഗിള്‍ എന്‍ട്രി സമ്പ്രദായത്തിലും വാര്‍ഷിക ധനകാര്യപത്രിക അക്രൂവല്‍ അടിസ്ഥാനത്തില്‍ ഡബിള്‍ എന്‍ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാല്‍ ഇവ തമ്മില്‍ താരതമ്യം ചെയ്യാന്‍ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാര്‍ഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാന്‍ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.14 | 20.6.14 | - | - |

1-3 വാര്‍ഷിക ധനകാര്യപത്രിക പരിശോധിച്ച് സര്‍ട്ടിഫിക്കറ്റ് നല്കിയതിന്‍റെ വിവരം

| വര്‍ഷം | സര്‍ട്ടിഫിക്കേഷന് കണക്കുകള്‍ പരിശോധിച്ച തീയതി | സര്‍ട്ടിഫിക്കറ്റ് നമ്പര്‍/ തീയതി |
|---|---|---|
| | | |

| 2013-14 | 20.8.2014 | എൽ.എഫ്.കെ.പി.14/ജി.പി.1/2014 തീ.31.12.2014 |
|---|---|---|

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 22797210.94

വരവ് - 57276284

ആകെ - 80073494.94

ചെലവ് - 54113673

നീക്കിയിരിപ്പ്- 25959821.94

വസ്തുനികുതിയിനത്തിൽ 2013-14 വർഷാവസാനം മുൻ കടിശ്ശികയുൾപ്പെടെ 1288706 രൂപ പിരിഞ്ഞ് കിട്ടുവാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 1992-93 വർഷം മുതലുള്ള കുടിശ്ശിക ലഭിക്കുവാനുണ്ടെന്ന് കാണുന്നു. വർഷങ്ങളായി കുടിശിക നിൽക്കുന്നതും താരതമ്യേന വലിയ തുക നികുതി നിർണ്ണയിക്കപ്പെട്ടതുമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 5 ആയി ചേർത്തിട്ടുണ്ട്. കൂടാതെ ഷെഡ്യൂൾ B-15 പ്രകാരം വാടകയിനത്തിൽ 20,71,043/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ഭീമമായ കുടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 250925 | 8338000 | 8588925 | 8437551 | 151374 | 98.23 |
| വികസനഫണ്ട് എസ്.സി.പി. | 1325934 | 2259000 | 3584934 | 35714934 | 10000 | 99 |
| വികസനഫണ്ട് ടി.എസ്.പി. | - | 62000 | 62000 | 62000 | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 786630 | 3746000 | 4532630 | 3854243 | 678387 | 85.03 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 572062 | 2209000 | 2781062 | 2561062 | 220000 | 92.08 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 651603 | 4342401 | 4994004 | 4533538 | 460466 | 90.77 |
| പെർഫോമൻസ് ഗ്രാന്റ് | 1247696 | 234000 | 3590696 | 2985594 | 605102 | 83.14 |
| എം.എൻ.ആർ.ഇ.ജി.എസ്. | 85897 | 4653356 | 4739253 | 4712161 | 27092 | 99.42 |
| ബി ഫണ്ട് | | 9686221 | 9686221 | 9686221 | | |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
| 212 | 68184042 | 145 | 31960646 | | 67 | 68 |

## നേട്ടങ്ങളും കോട്ടങ്ങളും

## നേട്ടങ്ങൾ

- ലഭ്യമായ വികസനഫണ്ടിന്റെ 98 ശതമാനം ചെലവഴിച്ചിട്ടുണ്ട്.
- ഉല്പാദനമേഖലയിൽ 12 പ്രോജക്ടുകൾ ആവിഷ്ക്കരിച്ചതിൽ 10 എണ്ണം നടപ്പാക്കാൻ കഴിഞ്ഞു.
- സമഗ്ര നെൽകൃഷി വികസനം, മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ, മുട്ടക്കോഴി വിതരണം തുടങ്ങിയ പ്രോജക്ടുകൾ ഉല്പാദന മേഖലയിൽ നടപ്പാക്കി.

## കോട്ടങ്ങൾ

- വാർഷിക പദ്ധതിക്കായി 212 പ്രോജക്ടുകൾ ആവിഷ്ക്കരിച്ചിരുന്നുവെങ്കിലും 67 എണ്ണം നടപ്പാക്കാൻ കഴിഞ്ഞില്ല.
- ആകെ പദ്ധതി അടങ്കലിന്റെ 46.87 ശതമാനം തുക മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.
- വാർഷിക പദ്ധതിക്കായി 2,52,71,334/- രൂപ പഞ്ചായത്ത് ഫണ്ട് വകയിരുത്തിയിരുന്നെങ്കിലും 54,71,817/- രൂപ മാത്രമാണ് ചെലവഴിച്ചത്. (ചെലവ് ശതമാനം 21.65)
- 56 ലക്ഷത്തോളം രൂപ ചെലവഴിച്ച് തൊണ്ണംകുഴി മാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നാളിതുവരെ തുറന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞില്ല.

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7.9 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 5583419 | 5776002 | 192583 | +3.4% |
| നികുതിയേതര വരവുകൾ | 5265690 | 6261672 | 995982 | +18% |
| മറ്റുവരവുകൾ | 855004 | 1230749 | 375745 | +43% |
| ആകെ | 11704113 | 13268423 | 1564310 | |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15520 | 221 |
| കർഷകതൊഴിലാളി പെൻഷൻ | 5044253 | 1038 |
| വിധവാപെൻഷൻ | 2712693 | 324 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 481470 | 112 |
| വികലാംഗപെൻഷൻ | 1257519 | 201 |
| 50വയസ്സിൽ മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 174766 | 22 |
| ആകെ | 9686221 | |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.8.15 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 143663 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

പ്രധാനപ്പെട്ട വരവിനങ്ങളായ വസ്തു നികുതി, ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് എന്നിവയുടെ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുകയും ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ അനുബന്ധരേഖകളും, രജിസ്റ്ററുകളും- അകിറ്റൻസ് റോൾ, പേ ബിൽ രജിസ്ററർ എന്നിവ കൃത്യമായി സൂക്ഷിച്ചുവരുന്നുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് തുകകൾ വർഷം തിരിച്ച് എഴുതുകയും അടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുകയും ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് തിരികെ നൽകുമ്പോൾ രജിസ്റ്ററിൽ ടി തുക ക്യാൻസൽ ചെയ്യുന്നില്ല. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പ്രസ്തുത പോരായ്മകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.5.15 മുതൽ 1.6.15 വരെ | 1.4.14 മുതൽ 31.3.15 വരെ | 16.7.15 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.6.14 മുതൽ 21.6.14 വരെ | 2009-10 മുതൽ 13-14 വരെ | 11.8.14 |

1-12 വാർഷിക കണക്കുകളുടെ അവലോകനം

2013-14 വാർഷിക കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിച്ചിരുന്നു. അക്കൗണ്ട്സ് സാക്ഷ്യപ്പെടുത്തൽ വേളയിൽ അപാകതകൾ കണ്ടെത്തിയതിനാൽ പ്രസ്തുത കണക്കുകൾക്ക് വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രമാണ് നൽകിയത്. സാമ്പത്തിക വർഷം അവസാനിച്ചതിനാൽ, സാംഖ്യ സോഫ്റ്റ് വെയറിന്റെ സഹായത്താൽ തയ്യാറാക്കിയ കണക്കുകളിൽ മാറ്റം വരുത്താൻ കഴിയില്ലെന്നും 2014-15 കണക്കുകളിൽ പ്രസ്തുത അപാകതകൾ ഒഴിവാക്കി കൃത്യത ഉറപ്പാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ എഴുതി തയ്യാറാക്കിയ രജിസ്റ്ററുകളിൽ പോലും തിരുത്തലുകളൊന്നും വരുത്തിയിട്ടില്ലായെന്ന് വിശദമായ ഓഡിറ്റ് വേളയിൽ ബോധ്യമായി. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഇതര അപാകതകൾ ചുവടെ ചേർക്കുന്നു.

- തനത് ഫണ്ട് സൂക്ഷിക്കുന്നതിനായി രണ്ട് അക്കൗണ്ടുകൾ (എസ്.ബി.റ്റി., മെഡിക്കൽ കോളേജ് ശാഖ, സർവ്വീസ് സഹകരണബാങ്ക്, വില്ലൂന്നി) നില നിർത്തിയിരിക്കുന്നു.
- ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B7 പ്രകാരമുള്ള തുകയും, ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം (രൂപ) | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം (രൂപ) |
|---|---|---|
| ഇ.എം.ഡി - | 7,77,915 | 6,08,881 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 5,56,810 | 14,19,716 |
| റിട്ടൻഷൻ | 3,94,286 | 4,20,196 |

- ധനകാര്യപത്രിക പ്രകാരം തൊഴിൽരഹിത വേതനത്തിന്റെ വരവ്-ചെലവ് തുക 162000/- രൂപയാണ്. എന്നാൽ എ.സി.ആർ. പ്രകാരം ചെലവ് 15520/- രൂപയാണ്.
- വിധവാപെൻഷൻ, ധനകാര്യപത്രിക പ്രകാരം 27,13,743/- രൂപയും എ.സി.ആർ. പ്രകാരം 27,12,693/- രൂപയുമാണ്.
- വാടക, ഡി & ഓ ട്രേഡ് ലൈസൻസ് ഫീസ് വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി.രേഖപ്പെടുത്തിയിട്ടില്ല. ആകയാൽ വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
- റിക്കവറി ഓഫ് അൺയൂട്ടിലൈസ്ഡ് ഗ്രാന്റിനത്തിൽ 35,450/- രൂപ വരവുള്ളതായി കാണുന്നു. എന്നാൽ 29,450/- രൂപ മാത്രമാണ്. സർക്കാരിലേയ്ക്ക് അടവാക്കിയത് (I-18, RP-26 ഷെഡ്യൂളുകൾ പ്രകാരം) അപാകതകൾ പരിഹരിച്ച് കണക്കുകൾ കുറ്റമറ്റതാക്കേണ്ടതാണ്.

1-13 ഗ്രാമസഭകളുടെ പ്രവർത്തനം

പഞ്ചായത്തിൽ 2013-14 കാലയളവിലെ ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമല്ല. 1994-ലെ കേരളാപഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം, മൂന്ന് മാസത്തിലൊരിയ്ക്കൽ ഗ്രാമസഭായോഗം ചേരേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ പല വാർഡുകളിലും 5 മാസം കൂടുമ്പോൾ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. ബജറ്റ് നിർദ്ദേശങ്ങൾ, പദ്ധതി നിർദ്ദേശങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഗ്രാമസഭയിൽ ചർച്ച ചെയ്തതായി കാണുന്നില്ല. ഗ്രാമസഭകൾ പലപ്പോഴും പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള യോഗങ്ങൾ മാത്രമായി മാറുന്നു.

ഗ്രാമസഭകൾ കൃത്യമായി സംഘടിപ്പിക്കുന്നതിനും (മൂന്ന് മാസത്തിലൊരിയ്ക്കൽ) ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്ക്കരിച്ചിട്ടില്ല

ജി.ഒ.(എം.എസ്.) 19/11/തസ്വഭവ തീയതി 14.01.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21.10.11 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തുനികുതി ചതുരശ്രമീറ്ററിന് 500 രൂപ നിരക്കിൽ പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ചുവടെ

ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നാളിതുവരെ പരിഷ്ക്കരിച്ച് ഈടാക്കിയില്ല.

| ക്രമ നം. | കെട്ടിടനമ്പർ | വിലാസം | അസ്സസ്സ് ചെയ്ത വർഷം | നിലവിലെ നികുതി വിവരങ്ങൾ (നികുതി + സർവ്വീസ് ടാക്സ് + ലൈബ്രറി സെസ്) |
|---|---|---|---|---|
| 1. | 7/553 B | M/S Wireless TT info services, Kochi. | 2008-2009 | 864+120+43 |
| 2. | 2/420 A | ഇൻഡസ് ടവർ ലിമി., കൊച്ചി | 2009-2010 | 864+120+43 |
| 3. | 9/393 A | -ടി- | 2009-2010 | 864+120+43 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8) മറുപടിയായി പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ കൂടുതൽ ടവറുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന് അന്വേഷണം നടത്തേണ്ടതും എല്ലാ മൊബൈൽ ടവറുകളുടേയും അനുബന്ധ ഡീസൽ ജനറേറ്റർ റൂം, ഷെൽറ്റർ റൂം എന്നിവയുടേയും വിസ്തീർണ്ണം കണക്കാക്കി ആനുപാതികമായി നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

<u>ജീവനക്കാരുടെ തൊഴിൽ നികുതി</u>

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൻവർഷം ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ വിവരം | ഈടാക്കാത്ത അർധ വർഷം |
|---|---|---|---|
| 1 | പോസ്റ്റോഫീസ്, ആർപ്പൂക്കര ഈസ്റ്റ് | 3 പേർ | രണ്ടാം അർധ വർഷം |
| 2 | ആർപ്പൂക്കര ദേവസ്വം | മുഴുവൻ ജീവനക്കാരും | 1, 2 അർധ വർഷങ്ങൾ |

<u>സ്ഥാപന തൊഴിൽ നികുതി</u>

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി തൻവർഷം ഈടാക്കിയിട്ടില്ല.

1. ആർപ്പൂക്കര റൂറൽ കോ- ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി
2. മെഡിക്കൽ കോളേജ് എംപ്ലോയീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി
3. കേരള ഹെൽത്ത് റിസർച്ച് & വെൽഫയർ സൊസൈറ്റി.

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2-3 പഞ്ചായത്ത് വക സ്ഥലത്ത് പാർക്കിംഗ് - ഫീസ് ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 227-(എ) വകുപ്പു പ്രകാരം വണ്ടിത്താവളങ്ങൾ ഏർപ്പെടുത്തുകയും അവ ഉപയോഗിക്കുന്നതിന് ഫീസ് ചുമത്തുകയും ചെയ്യാവുന്നതാണ്. മെഡിക്കൽ കോളേജ് ബസ്സ് സ്റ്റാന്ററിന് സമീപം, പഞ്ചായത്ത് വക സ്ഥലത്ത് നിരവധി സ്വകാര്യ വാഹനങ്ങളും ടാക്സി വാഹനങ്ങളും പാർക്ക് ചെയ്യുന്നുവെങ്കിലും പാർക്കിംഗ് ഫീസിനത്തിൽ വരവൊന്നും ലഭിക്കുന്നില്ല. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും വാഹനങ്ങൾ സൗകര്യപ്രദമായി പാർക്ക് ചെയ്യുന്നതിനുമായി പ്രസ്തുത സ്ഥലം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അനുവാദത്തോടെ വണ്ടിത്താവളമായി വിജ്ഞാപനം ചെയ്ത് പാർക്കിംഗ് ഫീസ് ഈടാക്കുന്നതിന് ലേലം ചെയ്തു കൊടുക്കുകയോ, നേരിട്ട് ഫീസ് പിരിവ് നടത്തിയോ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2-4 ലേലത്തിൽ നിന്നുമുള്ള വരുമാനം കുറയുന്നു

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ പ്രധാനമായും മൂന്നിനങ്ങളിൽ ആണ് ലേലം നടത്താറുള്ളത്. പഞ്ചായത്ത് വക മെഡിക്കൽ കോളേജ് ബസ് സ്റ്റാന്റ് ലേലം, കംഫർട്ട് സ്റ്റേഷൻ ലേലം, അനൗൺസ്മെന്റ് ലേലം എന്നിവ മുൻ വർഷത്തെ അപേക്ഷിച്ച് ഓഡിറ്റ് വർഷം ലേലമിനത്തിലുള്ള വരുമാനം ഗണ്യമായി കുറയുകയാണുണ്ടായിട്ടുള്ളത്. ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2012-13 | 2013-14 |
|---|---|---|
| ബസ്സ്റ്റാൻഡ് | 505000 | 401000 |
| കംഫർട്ട് സ്റ്റേഷൻ | 101000 | 101600 |
| അനൗൺസ്മെന്റ് | 115,000 | 15,000 |

കുത്തകാവകാശങ്ങൾ ഓരോ വർഷവും മുൻ വർഷത്തെ അപേക്ഷിച്ച് 5% എങ്കിലും ഉയർത്തി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2-5 പരസ്യ നികുതി പിരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 209 വകുപ്പ് പ്രകാരം, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ, ചുമരിൻമേലോ പരസ്യപ്പലകയിൻമേലോ, എടുപ്പിൻമേലോ, അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ വച്ചുകൊണ്ടിരിക്കുകയോ ചെയ്യുകയോ, അങ്ങനെയുള്ള പ്രദേശത്തെ ഏതെങ്കിലും സർക്കാർ വക സ്ഥലത്തോ, സ്വകാര്യ സ്ഥലത്തോ, പൊതു ജനങ്ങൾക്കു കാണത്തക്ക വണ്ണം, ഏതെങ്കിലും പരസ്യം ഏതെങ്കിലും വിധത്തിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും അങ്ങനെ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും, സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും നികുതി കൊടുക്കേണ്ടതാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വ്യാപകമായി പരസ്യ ബോർഡുകൾ സ്ഥാപിച്ചുണ്ടെങ്കിലും നികുതി ഈടാക്കുന്നില്ല. പഞ്ചായത്തിൽ 256 (1) വകുപ്പ് പ്രകാരം ബൈലോ തയ്യാറാക്കിയിട്ടില്ല. നിയമാനുസൃതമുള്ള ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ചെടുക്കാൻ നടപടി സ്വകരീക്കേണ്ടതാണ്.

2-6 ഡി.ആന്റ് ഒ.ട്രേഡ് ലൈസൻസ് ഉള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം കുറയുന്നു

2012-13 വർഷം ഗ്രാമപഞ്ചായത്തിൽ ലൈസൻസുള്ള വ്യാപാര സ്ഥാപനങ്ങൾ 153 എണ്ണം ഉണ്ടായിരുന്നു. എന്നാൽ 2013-14 വർഷം ലൈസൻസുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം 141 ആയി കുറഞ്ഞു. ഗ്രാമപഞ്ചായത്തിൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളും നിയമ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു എന്ന് അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡെപ്പോസിറ്റ് വർക്കുകൾ-വിനിയോഗവിവരങ്ങൾ ലഭ്യമല്ല, ചെലവ് തടസ്സപ്പെടുത്തുന്നു

2013-14 വർഷം, സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം ഭീമമായ തുകകൾ, വാട്ടർഅതോറിറ്റി, കെ.എസ്.എ.ബി, എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ചെലവിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം/ വൗച്ചർ നം. | പ്രോജക്ടിന്റെപേര് | തുക/ ഡി.ഡിനം, തീയതി | തുക ആർക്ക് നൽകി എന്ന വിവരം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 23/13-14 | വാർഡ് 8-ൽ പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ | 238100/ 511523,17-3-14 | അസ്സി.എഞ്ചിനിയർ, കേരളവാട്ടർഅതോറിറ്റി, പി.എച്ച്.ഡിവിഷൻ,കോട്ടയം | ഇല്ല. |
| 2. | "4/" | വാർഡ്16-ൽ പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ | 75798/ 511527,3-4-14 | " " | 6,00,000/- രൂപ ഡെപ്പോസിറ്റ് ചെയ്തതിൽ 524202 രൂപ ചെലവഴിച്ചതിന്റെ വിനിയോഗ വിവരം ലഭ്യമാക്കി. ബാലൻസ് 75798/- രൂപ |
| 3. | "201/" | വാർഡ് 1-ൽ പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ | 66962/ 511529,3-4-14 | " " | 546896 രൂപ ഡെപ്പോസിറ്റ് ചെയ്തതിൽ 479934 രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കി |
| 4. | 6/" | വാർഡ് 2-ൽ പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ | 103387 511525/3-4-14 | " " | 289000 രൂപ ഡെപ്പോസിറ്റ് ചെയ്തതിൽ 185613 രൂപ ചെലവഴിച്ചതിന്റെ വിനിയോഗ വിവരം ലഭ്യമാക്കി. ബാലൻസ് 103387 രൂപ |
| 5. | 212/" | വിവിധവാർഡുകളിലെ എസ്.സി കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ | 1085895/ 511524,3-4-14 | " " | 1425000 രൂപ ഡെപ്പോസിറ്റ് ചെയ്തതിൽ 339105/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കി. |
| 6. | 51301185 | ചെമ്പുഴി-നാല് കണ്ടം റോഡിലെ 2 ഇലക്ട്രിക് പോസ്റ്റ് ഷിഫ്ററിംഗ് | 9922/ 511030, 24-2-14 | അസ്സി.എഞ്ചിനിയർ, കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സെക്ഷൻ, ഗാന്ധിനഗർ | |
| 7. | 51301263 | 4-ം വാർഡിൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 23679/ 278865,10-3-14 | " " | |
| 8 | 224/13-14 | എസ്.സി.കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | 19800/ 154234,31-3-14 | " " | |
| | | ആകെ | 16,23,543 | | |

വിനിയോഗവിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 16,23,543/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-2 പഞ്ചായത്ത് ഓഫീസിലേയ്ക്ക് വാങ്ങിയ ജനറേറ്റർ പ്രവർത്തനരഹിതം - ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം: so- 190/13-14

അടങ്കൽ തുക- 310000

ചെലവ്തുക- 290000

സ്രോതസ്സ്- 117494 (13-ാം ധനകാര്യകമ്മിഷൻ അവാർഡ്)

172506- (തനത്ഫണ്ട്)

നിർവ്വഹണം- സെക്രട്ടറി

പഞ്ചായത്ത് കമ്മിറ്റിയുടെ 26.3.13 ലെ 1(3)-ാം നമ്പർ തീരുമാനപ്രകാരം, 2.7.13-ൽ 'Gentile Engineering pvt.Ltd'എറണാകുളം എന്നസ്ഥാപനത്തിൽ നിന്നും 2,90,000 രൂപ (ചെക്ക് നമ്പർ 030672/3.7.13,057472/9.7.13) ചെലവഴിച്ച് വാങ്ങിയ 15 KVA DGSET/കിർലോസ്കർ എൻജിൻ പഞ്ചായത്ത് വക ഷെഡ്ഡിൽ പ്രവർത്തിപ്പിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടു.

6.7.13-ലെ 9347-ാം നമ്പർ കരാർ പ്രകാരം, മെഷീൻ വിതരണം നടത്തിയ തീയതി മുതൽ, (അതായത് 2.7.13) 18 മാസം അല്ലെങ്കിൽ 3000 മണിക്കൂർ പ്രവർത്തനം പൂർത്തീകരിക്കുന്ന തീയതി, ഇവയിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതിയാണ് മെഷീന്റെ വാറണ്ടി കാലാവധിയായി നിശ്ചയിച്ച് അംഗീകരിച്ചിരുന്നത്. എന്നാൽ വാറണ്ടി കാലാവധി കഴിഞ്ഞതിന് ശേഷവും ജനറേറ്റർ പ്രവർത്തനക്ഷമമായിട്ടില്ലായെന്ന് ഓഡിറ്റിന്റെ നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി.

ഈ വിഷയം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10) സമർപ്പിച്ച മറുപടിയിൽ, ജനറേറ്റർ ഇൻസ്റ്റലേഷന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി പി.ഡബ്ലിയു.ഡി. ഇലക്ട്രിക്കൽ വിംഗ്, കോട്ടയത്തിന് കത്ത് നൽകിയെങ്കിലും എസ്റ്റിമേറ്റിലെ പേരും പ്രോജക്ടിലെ പേരും വ്യത്യസ്തമായി തുടരുന്നതിനാൽ ടി.എസ്.നൽകാൻ സാധിക്കില്ലായെന്ന് പി.ഡബ്ലിയു.ഡി. ഇലക്ട്രിക്കൽ വിംഗിൽ നിന്നും കത്ത് ലഭ്യമായെന്നും, 2/15 ൽ പ്രോജക്ട് റിവൈസ് ചെയ്യുകയും 10.3.15 ൽ സാങ്കേതികാനുമതി ലഭ്യമായെന്നും മറുപടി നൽകുകയുണ്ടായി. ഒരാഴ്ചയ്ക്കകം ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജനറേറ്റർ വാങ്ങിയതിന് ശേഷം പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കാതെ വാറണ്ടി കാലയളവ് നഷ്ടപ്പെടാൻ ഇടയായത് പഞ്ചായത്ത് കമ്മിറ്റിയുടേയും 9.7.13 ന് ശേഷം ചാർജ് വഹിച്ചിരുന്ന സെക്രട്ടറിമാരുടേയും ഭാഗത്തുന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഓഫീസിലേയ്ക്ക് ജനറേറ്റർ വാങ്ങൽ പ്രോജക്ടിനായ് ചെലവഴിച്ച 2,90,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-3 അക്ഷയസെന്ററിന്റെ പ്രവർത്തനം-വാടക ലഭിക്കുന്നില്ല;വൈദ്യുതി ചാർജ് പഞ്ചായത്ത്ഫണ്ടിൽ നിന്നും നല്കുന്നു

പഞ്ചായത്ത് ഭരണസമിതിയുടെ 11.9.13 ലെ VIII-ാം നമ്പർ തീരുമാനപ്രകാരം കരിപ്പൂത്തട്ട് മേഖലയിൽ പ്രവർത്തിച്ചിരുന്ന അക്ഷയകേന്ദ്രം അവിടെനിന്നും മാറ്റി വില്ലൂന്നി കേന്ദ്രമായി സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. ഇതനുസരിച്ച് നിലവിൽ അക്ഷയസെന്റർ പഞ്ചായത്തിൽ പ്രവർത്തിച്ച് വരികയും പ്രസ്തുത സ്ഥാപനത്തിന്റെ കറന്റ് ചാർജ്ജ് പഞ്ചായത്ത് അടച്ച് വരികയുമാണ് ചെയ്യുന്നത്. സ്ഥാപനവുമായി

പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതിന്റെ വിവരം, സംബന്ധിച്ച് 21.8.15 ൽ നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനത്തിൽ നിന്ന് പഞ്ചായത്തിന് വാടകയും ലഭിക്കുന്നില്ല.

മേൽ വിഷയം എക്സിറ്റ് കോൺഫറൻസിൽ ഉന്നയിച്ചപ്പോൾ, പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുന്ന മുറയ്ക്ക് വാടക, വൈദ്യുതി ചാർജ്ജ് എന്നിവ അടച്ച് കൊള്ളാമെന്നുള്ള സ്ഥാപന ഉടമയുടെ കത്ത് പ്രസിഡന്റ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അക്ഷയ സെന്ററുമായി കരാറിൽ ഏർപ്പെട്ട് വാടക, കറന്റ് ചാർജ്ജ് എന്നിവ സ്ഥാപനത്തിൽ നിന്ന് ഈടാക്കാൻ പഞ്ചായത്ത് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-4 തൊണ്ണൻ കുഴി മാർക്കറ്റ് നാളിതുവരെ പ്രവർത്തന ക്ഷമമായിട്ടില്ല

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2009-10 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി തൊണ്ണംകുഴി മാർക്കറ്റ് നിർമ്മാണം എന്ന പ്രവൃത്തി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിച്ചിരുന്നു. കെട്ടിട നിർമ്മാണത്തിനായി നിർമ്മിതിയ്ക്ക് 53,64,235 രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷം മാർക്കറ്റിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 285,263 രൂപയും ചെലവഴിച്ചിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട അവസാന തീയതി 31.3.10 ആയിരുന്നു. ഈ തീയതിയിൽ നിർമ്മിതി കേന്ദ്രം പ്രവൃത്തി പൂർത്തീകരിക്കുകയോ, പഞ്ചായത്തുമായി സപ്ലിമെന്ററി കരാർ വയ്ക്കുകയോ ചെയ്തിട്ടില്ലായിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചത് 5/13 ൽ ആണ്. നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിയ്ക്കാത്തതിനാൽ ഫൈൻ ഇനത്തിൽ 1176588 രൂപ നിർമ്മിതി കേന്ദ്രം പഞ്ചായത്തിന് നൽകണമെന്ന് അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഈ തുക ഒടുക്കാൻ നിർമ്മിതി കേന്ദ്രം തയ്യാറായിട്ടില്ല. പണികൾ ചെയ്തവകയിൽ അഞ്ച് ലക്ഷം രൂപ പഞ്ചായത്ത് നിർമ്മിതിക്ക് നൽകാനുമുണ്ട്. ഈ സാഹചര്യത്തിൽ താക്കോൽ പഞ്ചായത്തിന് കൈമാറിയിട്ടുമില്ല. ഏകദേശം 56 ലക്ഷം രൂപ ചെലവഴിച്ച് പണികഴിപ്പിച്ച കെട്ടിടം നാളിതുവരെ മാർക്കറ്റിനായി തുറന്നു കൊടുത്തിട്ടില്ല. തൊണ്ണം കുഴി മാർക്കറ്റ് അടിയന്തിരമായി തുറന്ന് പ്രവർത്തനം ആരംഭിയ്ക്കാൻ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

### 3-5 ശാരീരിക വൈകല്യമുള്ളവർക്ക് മുച്ചക്രവാഹനം വിതരണം--പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | എസ്.26/14 |
| നിർവ്വഹണ ഉദ്യോഗസ്ഥ | എെ.സി.ഡി.എസ്. സൂപ്പർവൈസർ |
| വകയിരുത്തിയ തുക | 216000 (195000 വികസനഫണ്ട് +21000 തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 195000 (ഡി.ഡി.നം.905513/തീ.29.01.14<br><br>13500 (ചെക്ക് നം.2788672/തീ.24.03.14 |
| ആകെ | 208500 |

പ്രസ്തുത പ്രോജക്ടിലൂടെ 3 ഗുണഭോക്താക്കൾക്ക് സൈഡ് വീലുള്ള സ്കൂട്ടറുകൾ വിതരണം നടത്തിയിട്ടുണ്ട്. ഇതിൽ രണ്ടു ഗുണഭോക്താക്കളായ മനു മോഹൻ, മനയ്ക്കപ്പറമ്പിൽ, ബിജുമോൻ കെ.എം, കൊല്ലംകരിച്ചിറ, ആർപ്പൂക്കര എന്നിവരുടെ ലൈസൻസ് പകർപ്പ് ഫയലിനൊപ്പം സൂക്ഷിച്ചിരുന്നില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 11 പ്രകാരം അവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയില്ല. ലൈസൻസ് കരസ്ഥമാക്കാതെ വാഹനം നിരത്തിലിറക്കാനാവില്ല എന്നതിനാൽ അനുവദിക്കപ്പെട്ട വാഹനം ദുരുപയോഗം ചെയ്തിരിക്കാനുള്ള സാധ്യതാണ് നിലനിൽക്കുന്നത്. സാമൂഹിക സുരക്ഷിതത്വം, സാമ്പത്തികസ്വയം പര്യാപ്തത എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ആവിഷ്കരിച്ച പ്രോജക്ടിന്റെ ഫലപ്രാപ്തിയ്ക്ക് തുടർ മോണിട്ടറിംഗ് അനിവാര്യമായിരുന്നു. എന്നാൽ ഇത്തരത്തിൽ സമഗ്രമായി വിലയിരുത്തൽ നടന്നതായി രേഖയില്ല. തുടർ

മോണിട്ടറിംഗ്, അനിവാര്യ രേഖകൾ എന്നിവയുടെ അഭാവത്തിൽ പ്രസ്തുത പ്രോജക്ടിനുവേണ്ടി ചെലവഴിച്ച 208500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പൊതു നിരീക്ഷണങ്ങൾ

2013-14 സാമ്പത്തിക വർഷം 166 പേർ തൊഴിൽ കാർഡിന് അപേക്ഷിക്കുകയും അപേക്ഷിച്ച എല്ലാവർക്കും തൊഴിൽ കാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വർഷം, 954 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിക്കുകയും തൊഴിൽ ഡിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തൊഴിൽ അപേക്ഷ സ്വീകരിച്ച് 15 ദിവസത്തിനകം തൊഴിൽ നൽകിയിട്ടുണ്ട്.

2013-14 വർഷം, ലേബർ ബജറ്റ് പ്രകാരം 104 പദ്ധതികൾ വിഭാവനം ചെയ്തതിൽ 87 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 29247 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. (ശരാശരി 30.4%) നൂറ് ദിനം തൊഴിൽ ലഭിച്ചവരുടെ എണ്ണം കുറഞ്ഞ് വരുന്നു.

തൊഴിലുറപ്പ് പദ്ധതി അതിന്റെ ഗുണപരമായ പ്രയോജനം സമൂഹത്തിന്റെ താഴേക്കിടയിലേയ്ക്ക് പകർന്ന് കൊടുക്കുന്നതിൽ പലപ്പോഴും പരാജയപ്പെട്ടു. ജനങ്ങൾക്ക് പ്രയോജനകരമല്ലാത്തതും പലപ്പോഴും ദേഷകരമായതുമായ പ്രവൃത്തികൾ വേണ്ടെന്ന് വയ്ക്കാൻ തീരുമാനിച്ചിരുന്നെങ്കിലും അതേ പ്രവൃത്തികൾ ഇപ്പോഴും തുടരുന്നു. ഉദാഹരണത്തിന് തോടുകളുടേയും മറ്റും വശങ്ങളിലുള്ള പുല്ല് നീക്കുന്നത് മണ്ണൊലിപ്പിന് കാരണമാകുമെന്ന് പരാതി ഉയർന്നപ്പോൾ അത്തരം ജോലികൾ ഇനി ഏറ്റെടുക്കേണ്ടതില്ലായെന്ന് നിർദ്ദേശമുണ്ടായി.

പക്ഷേ, യുക്തമായ പ്രവൃത്തികൾ കണ്ടെത്താൻ സാധിക്കാതെ വന്നപ്പോൾ വീണ്ടും പുല്ലുവെട്ടലിലേയ്ക്ക് മാറി അങ്ങനെ കുറ്റിക്കാട് വെട്ടിത്തെളിക്കൽ, പുല്ലുചെത്ത് തുടങ്ങിയ പരിപാടികളിലേയ്ക്ക് തൊഴിലുറപ്പ് പദ്ധതി ഒതുങ്ങിപ്പോയി.

സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ തെങ്ങിന് തടമെടുക്കൽ, വാഴകൃഷി, മഴക്കുഴി നിർമ്മാണം, വിവിധ വാർഡുകളിലെ പാടശേഖരങ്ങളിലെ വാച്ചാൽ ആഴം കൂട്ടൽ തുടങ്ങിയവയായിരുന്നു ഭൂരിഭാഗം പ്രവൃത്തികളും.

ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമം സെക്ഷൻ 5.1.4 പ്രകാരം, പദ്ധതി പ്രദേശത്ത് ഉണ്ടാകുന്ന നിർമ്മാണ പ്രവർത്തനങ്ങളിലൂടെ കൈവരുന്ന പുരോഗതി പ്രദേശത്തെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഗുണകരമാണെന്ന് ഉറപ്പ് വരുത്തേണ്ടതും സെക്ഷൻ 5.1.7 പ്രകാരം, ഒരു തൊഴിലിനെ നിർവ്വചിക്കുമ്പോൾ, സുസ്ഥിരമായ ആസ്തികൾ ഉറപ്പ് വരുത്താനും ആസൂത്രണത്തിൽ സമഗ്രത കൈവരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഏറ്റെടുത്ത ഭൂരിഭാഗം പ്രവർത്തികളും സുസ്ഥിര ആസ്തികൾ സൃഷ്ടിക്കുന്നവ ആയിരുന്നില്ല.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

വനവൽക്കരണവും മരംവച്ച് പിടിപ്പിക്കലും അത് വഴി വരൾച്ച തടയൽ, ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ, ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഏത് കാലാവസ്ഥയിലും ഉപയോഗയോഗ്യമായ റോഡുകളുടെ നിർമ്മാണം, ജലസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തികൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

**<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>**

പ്രധാന രജിസ്റ്ററുകളായ തൊഴിൽ കാർഡ് രജിസ്റ്റർ, തൊഴിൽ രജിസ്റ്റർ, അപേക്ഷ രജിസ്ട്രേഷൻ രജിസ്റ്റർ, മസ്റ്റർ റോൾ വിതരണ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടുണ്ട്. തൊഴിലുറപ്പ് നിയമം സെക്ഷൻ 9.1.4 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. സെക്ഷൻ 9.2.5 പ്രകാരമുള്ള പരാതി

രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതി ലഭിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

**വേതനം യഥാസമയം നൽകുന്നില്ല--തൊഴിലുറപ്പ് പദ്ധതി സ്തംഭനത്തിലേയ്ക്ക്**

പണിയെടുത്ത തൊഴിലാളികൾക്ക് കൂലി നൽകാൻ പണം അനുവദിക്കാത്തതിനാൽ പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സ്തംഭനത്തിലേയ്ക്ക് നീങ്ങുന്നു. 2013-14 മാർച്ച് മാസം 31-ാം തീയതി വരെയുള്ള കണക്കുകൾ പ്രകാരം 16,17,712/- രൂപ തൊഴിലാളികൾക്ക് കൂലിയായും 41,356/- രൂപ പണിയായുധ വാടകയിനത്തിലും നൽകാനുണ്ട്.

**കൂലി വൈകിയാൽ നഷ്ടപരിഹാരം നൽകുന്നില്ല**

പണിയെടുത്ത തൊഴിലാളികൾക്ക് 15 ദിവസത്തിനുള്ളിൽ കൂലി നൽകിയില്ലെങ്കിൽ കൂലിയുടെ കൂടെ വൈകിയതിനുള്ള നഷ്ടപരിഹാരവും നൽകണം. എന്നാൽ ആരും പരാതിപ്പെടാത്തതിനാൽ നഷ്ട പരിഹാരം നൽകേണ്ടി വന്നിട്ടില്ല.

പദ്ധതി പ്രകാരമുള്ള ആകെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു. (ക്യാഷ് ബുക്ക് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 85897 |
| വരവ് | 4631568 |
| പലിശ വരവ് | 21788 |
| ആകെ | 4739253 |
| ചെലവ് | 4712161 |
| നീക്കിയിരിപ്പ് | 27092 |

3-7 സംസ്ഥാനതല വിഷയാധിഷ്ഠിത അവലോകനം--തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം

അക്രൂവൽ അടിസ്ഥാനത്തിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായം ജി.ഒ(എം.എസ്) 308/2010 എൽ.എസ്.ജി.ഡി. തീയതി 23.12.2010 ഉത്തരവ് പ്രകാരം ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ 09.11.2011 മുതൽ നടപ്പിലാക്കി. സാംഖ്യ സോഫ്റ്റ് വെയറിന്റേയും മറ്റ് സോഫ്റ്റ് വെയറുകളുടേയും സുഗമമായ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിൽ നിലവിൽ 16 കമ്പ്യൂട്ടറുകൾ, ഒരു സെർവർ കമ്പ്യൂട്ടർ, 2 ലാപ് ടോപ്പുകൾ, 7 പ്രിന്ററുകൾ, 2 യു.പി.എസ്, ഒരു സ്കാനർ എന്നിവ വിന്യസിച്ചിട്ടുണ്ട്. ഇതിൽ ഒരു കമ്പ്യൂട്ടറും 2 പ്രിന്ററും ഫ്രണ്ട് ഓഫീസിലാണ് സ്ഥാപിച്ചിട്ടുള്ളത്. അപേക്ഷകൾ സ്വീകരിക്കുന്നതിനും പണം വരവിനും പ്രത്യേകം രസീതുകളാണ് നൽകുന്നത്. ലാപ് ടോപ്പുകളിൽ ഒന്ന് പ്രസിഡന്റിനും ഒന്ന് സെക്രട്ടറിക്കുമാണ് നൽകിയിട്ടുള്ളത്. കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ അപാകതകളൊന്നും ശ്രദ്ധയിൽപ്പെട്ടില്ല. തദ്ദേശസ്വംഭരണവകുപ്പിന്റെ 03.07.2012 ലെ ജി.ഒ (എം.എസ്.) 1838/12 നമ്പർ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ഐ.കെ.എം. സ്പെസിഫിക്കേഷനോടുകൂടിയുള്ള കമ്പ്യൂട്ടറുകളാണ് വാങ്ങിയിട്ടുള്ളത്.

കമ്പ്യൂട്ടർ ഹാർഡ് വെയറുകൾ സംബന്ധിച്ച വിവരങ്ങൾ മുഴുവനും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പടുത്തി സൂക്ഷിച്ചിട്ടില്ല. വാങ്ങിയ വർഷം, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല. സോഫ്റ്റ് വെയറുകൾ സംബന്ധിച്ച് ഒരു വിവരവും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.സർക്കുലർ നം.86/10/ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ സോഫ്റ്റ് വെയർ/ഹാർഡ് വെയറുകൾ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

| സോഫ്റ്റ് വെയറിന്റെ | പഞ്ചായത്തിൽ വിന്യസിച്ച | ഏത് മേഖലയുമായി | സോഫ്റ്റ്വെയർ ഉപയോഗപ്രദമാകുന്നുണ്ടോ? |
|---|---|---|---|

| | | | |
|---|---|---|---|
| പേര് | തീയതി | ബന്ധപ്പെട്ടത് | |
| സാംഖ്യ | 09.11.2011 | അക്കൗണ്ടിംഗ് | ഉണ്ട് |
| സുലേഖ | ലഭ്യമല്ല | പദ്ധതി നിർവ്വഹണം | ഉണ്ട് |
| സൂചിക | ലഭ്യമല്ല | ഫ്രണ്ട് ഓഫീസ് | ഉണ്ട് |
| സേവന | ലഭ്യമല്ല | സാമൂഹ്യ സുരക്ഷ പെൻഷൻ | ഉണ്ട് |
| സഞ്ചയ | ലഭ്യമല്ല | വസ്തുനികുതി | ഉണ്ട് (സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല) |
| സ്ഥാപന | ലഭ്യമല്ല | ജീവനക്കാര്യം | ഉണ്ട് (സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല) |
| സചിത്ര | ലഭ്യമല്ല | ആസ്തികൾ സംബന്ധിച്ച് | ഉണ്ട് (സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല) |

സാംഖ്യ നടപ്പിലാക്കുന്നതിന് തൊട്ടുമുമ്പ് വരെയുള്ള ട്രഷറി-ബാങ്ക് റിക്കൺസിലിയേഷൻ നടത്തിയിട്ടാണ് സാംഖ്യ ഇൻസ്റ്റാൾ ചെയ്തത്. ബാങ്ക്, ക്യാഷ് എന്നിവയുടെ കൃത്യത ഉറപ്പ് വരുത്തിയാണ് ഓപ്പണിംഗ് ബാലൻസ്ഷീറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ആസ്തിബാദ്ധ്യതകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിരുന്നില്ല. സചിത്ര സോഫ്റ്റ് വെയറിൽ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തി അവ സാംഖ്യയുമായി ബന്ധിപ്പിക്കുന്ന മുറക്ക് മാത്രമേ ആസ്തികൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുകയുള്ളു.

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരിൽ സെക്രട്ടറി, അക്കൗണ്ടന്റ്, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർക്ക് മാത്രമാണ് സാംഖ്യ ഉപയോഗിക്കുന്നതിന് പരിശീലനം ലഭിച്ചിട്ടുള്ളത്. ഇതിൽ സെക്രട്ടറിക്കും അക്കൗണ്ടന്റിനും 4 ദിവസം വീതവും ടെക്നിക്കൽ അസിസ്റ്റന്റിന് 12 ദിവസവും പരിശീലനം ലഭിച്ചു. പരിശീലനം ലഭിച്ചവർക്കുപോലും സാംഖ്യ കൃത്യമായി ഉപയോഗിക്കുവാൻ അറിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് സംബന്ധിച്ച സൂചിക സോഫ്റ്റ് വെയറിൽ പരിശീലനം ലഭിച്ച ജീവനക്കാരാണ് രസീത് കൊടുക്കുന്നത്. ഇവർക്ക് സാംഖ്യയിൽ ഉൾപ്പെട്ട എല്ലാ സോഫ്റ്റ് വെയറുകളുടേയും ആധികാരിക പരിശീലനം ലഭിച്ചിട്ടില്ല. സാംഖ്യ നടപ്പാക്കിയ സമയത്ത് ഫ്രണ്ട് ഓഫീസിൽ രസീത് നൽകുമ്പോൾ ഹെഡ് മാറി പോസ്റ്റ് ചെയ്തിരുന്നുവെങ്കിലും അപ്പോൾ തന്നെ അവ ആവശ്യമായ തിരുത്തലുകൾ വരുത്തി കൃത്യമാക്കിയിരുന്നു.

സാംഖ്യ രസീത് സ്റ്റേഷനറി ലഭിക്കുന്നത് കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ട്. ഓരോ ദിവസവും വിതരണം ചെയ്യുന്ന സ്റ്റേഷനറി കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഫ്രണ്ട് ഓഫീസ് ചാർജുള്ളയാൾ അവ ഒപ്പിട്ട് കൈപ്പറ്റുകയും ചെയ്യുന്നുണ്ട്. ക്യാൻസൽ ചെയ്യുന്ന രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

സെക്രട്ടറി, അക്കൗണ്ടന്റിനോ മറ്റ് കീഴ് ജീവനക്കാർക്കോ തന്റെ ലോഗ് ഇൻ പാസ് വേർഡ് നൽകി വൗച്ചർ അംഗീകരിക്കുന്നതിനുള്ള അധികാരം നൽകിയിട്ടില്ല. സാംഖ്യ നടപ്പാക്കിയ ശേഷം ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും തരത്തിലുള്ള ധനാപഹരണം നടന്നിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വകുപ്പിന് സാംഖ്യയിൽ പ്രത്യേകം ലോഗിൻ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലോഗിൻ വഴി അക്കൗണ്ടുകൾ പരിശോധിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങളുടെ രജിസ്റ്ററിലെ രേഖപ്പെടുത്തലും അക്കൗണ്ട്സും തമ്മിൽ പൊരുത്തപ്പെടുത്തുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം/നികുതി | വർഷം | അക്കൗണ്ട് പ്രകാരം രേഖപ്പെടുത്തിയ തുക | ഡിമാന്റ് രജിസ്റ്റർ പ്രകാരംരേഖപ്പെടുത്തിയ തുക | വ്യത്യാസം |
|---|---|---|---|---|
| വസ്തുനികുതി | 2012-13 | 879478 | 842400 | 37078 |
| | 2013-14 | 827103 | 763476 | 63627 |
| | 2014-15 | 1321350 | രേഖപ്പെടുത്തിയിട്ടില്ല | ------ |
| തൊഴിൽനികുതി | 2012-13 | 4113740 | 4113740 | 0 |
| | 2013-14 | 4455585 | 4491625 | 36040 |
| | 2014-15 | 4469473 | രേഖപ്പെടുത്തിയിട്ടില്ല | ----- |
| ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് | 2012-13 | 26050 | 26050 | 0 |
| | 2013-14 | 24150 | 24150 | 0 |
| | 2014-15 | 19870 | രേഖപ്പെടുത്തിയിട്ടില്ല | -------- |
| കെട്ടിട വാടക | 2012-13 | 4244661 | 4200101 | 44560 |
| | 2013-14 | 4612387 | 4612387 | 0 |
| | 2014-15 | 4134951 | രേഖപ്പെടുത്തിയിട്ടില്ല | -------- |

വരവിനങ്ങളുടെ 2014-15 വർഷത്തെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2014-15 വരെ വർഷാരംഭത്തിൽ തന്നെ അതത് വർഷങ്ങളിലെ വരുമാനം കണക്കാക്കി അക്രൂവൽ എൻട്രി നടത്തിയിട്ടുണ്ട്. എന്നാൽ 2015-16 വർഷം നാളിതുവരെ അക്രൂവൽ എൻട്രികളൊന്നും നടത്തിയിട്ടില്ല.

നികുതി/നികതിയേതരയിനങ്ങളിൽ വസ്തുനികുതി, വാടക എന്നിവയുടെ കിട്ടാനുള്ള സംഖ്യ ബാലൻസ് ഷീറ്റിലുള്ളത്, യഥാർത്ഥത്തിലുള്ളതുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | വർഷം | ബാലൻസ്ഷീറ്റ് പ്രകാരമുള്ള തുക (31.03.14) | യഥാർത്ഥത്തിലുള്ള തുക |
|---|---|---|---|
| വസ്തുനികുതി | 2013-14 | 784161 | 810648 |
| വാടക | 2013-14 | 115287 | 115521 |

അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവയുടെ മുൻബാക്കി ഇനം തിരിച്ച് രേഖപ്പെടുത്താൻ സാധിക്കുമെങ്കിലും ഓരോ ഇനത്തിലുമുള്ള ആകെ തുകമാത്രമേ ലഭിക്കുകയുള്ളു.

ആയതിനാൽ ഓരോ ഇനത്തിലും എത്ര പേർ എത്ര തുക വീതം ഡെപ്പോസിറ്റ് ചെയ്തു എന്നുള്ള വിവരങ്ങളൊന്നും സാംഖ്യയിൽ നിന്ന് എളുപ്പത്തിൽ ലഭിക്കുകയില്ല. ഗ്രാമപഞ്ചായത്തിൽ അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഇപ്പോഴും എഴുതി സൂക്ഷിക്കുന്നുണ്ട്. ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യുമ്പോൾ അഡ്വാൻസ് ക്രമീകരിക്കുമ്പോൾ ബാലൻസിൽ കുറവ് വരുന്നുണ്ട്.

ഒരു സാമ്പത്തിക വർഷത്തിനു ശേഷം ലഭിക്കുന്ന മണി ഓർഡർ റിട്ടേണുകൾ രസീത് ചെയ്യേണ്ടത് 2 ൽ തുടങ്ങുന്ന പേമെന്റ് ഹെഡ്ഡിൽ Prior Period Item ആയിട്ടാണ്. ഇത് പേമെന്റ് നടത്തുന്നതും 2 ൽ തുടങ്ങുന്ന പേമെന്റ് ഹെഡ്ഡിൽ തന്നെയാണ്. അവ രണ്ടും റസീറ്റ് & പേമെന്റിലെ RP 26 ഷെഡ്യൂളിലുണ്ടാകും. എന്നാൽ 12-13 വർഷം മണി ഓർഡർ റിട്ടേണുകൾ അപ്രകാരം അക്കൗണ്ട് ചെയ്തിട്ടില്ല. കൂടാതെ ഡേ ബുക്ക് പരിശോധിച്ചതിൽ പല തരത്തിലുള്ള വരവുകളുടേയും (ഉദാ. മണി ഓർഡർ റിട്ടേൺ) Transaction type ൽ Other receipts എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ഏത് ഇനത്തിലുള്ള വരവാണെന്ന് പെട്ടെന്ന് തിരിച്ചറിയുവാൻ ബുദ്ധിമുട്ട് ഉണ്ടാക്കുകയും ഹെഡ്ഡ് മാറി പോസ്റ്റ് ചെയ്യുവാനുള്ള സാദ്ധ്യത കൂട്ടുകയും ചെയ്യും. എന്നാൽ Transaction type ൽ ഇനം ഏതെന്ന് കൃത്യമായി കൊടുത്താൽ അവയ്ക്കുള്ള ഹെഡ്ഡുകൾ മാത്രം പ്രത്യക്ഷപ്പെടുകയും തെറ്റുകൾ ഒഴിവാക്കുവാൻ സാധിക്കുകയും ചെയ്യും.

സാംഖ്യ നടപ്പാക്കിയതിനുശേഷം നികുതി അടവ്, സർട്ടിഫിക്കറ്റ് വിതരണം എന്നിവ കൂടുതൽ എളുപ്പമായെന്ന് ജീവനക്കാർ അഭിപ്രായപ്പെടുന്നുണ്ട്. വൗച്ചറുകൾ ശരിയായ രീതിയിൽ സെറ്റ് ചെയ്ത് വയ്ക്കുവാൻ സാധിക്കുന്നുണ്ട്. സാംഖ്യ നടപ്പാക്കിയ ഉത്തരവിൽ വിവരിച്ച പ്രകാരം ആവശ്യമായ രേഖകളുടെ പ്രിന്റെടുത്ത് സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

സാംഖ്യ നടപ്പാക്കിയതുകൊണ്ടുള്ള നേട്ടങ്ങൾ

1. വളരെ വേഗത്തിൽ വാർഷിക ധനകാര്യപത്രിക തയ്യാറാക്കുവാൻ സാധിക്കുന്നു
2. വരവു ചെലവ് കണക്കുകളിലെ കൃത്യത വർദ്ധിക്കുന്നു
3. വിവിധ വരവുചെലവുകൾ വളരെ വേഗത്തിൽ ഇനം തിരിച്ച് അറിയുവാൻ സാധിക്കും
4. ഓരോ അക്കൗണ്ട് സംബന്ധിച്ചുമുള്ള ധനകാര്യ ഇടപാടുകളുടെ പൂർണ്ണ വിവരം ലഭ്യമാകും.
5. ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭിക്കും.
6. ഓരോ വർഷത്തേയും വരുമാനവും ചെലവും മുൻവർഷത്തെ വരുമാനവും ചെലവുമായി വേഗത്തിൽ താരതമ്യം ചെയ്യുവാൻ കഴിയും.
7. പല രജിസ്റ്ററുകളും തയ്യാറാക്കുന്നതിനുള്ള സമയനഷ്ടം ഒഴിവാക്കുവാൻ സാധിക്കും

കോട്ടങ്ങൾ

1. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ വൈദ്യുതി ചാർജ്, വെള്ളക്കരം, ടെലഫോൺ എന്നിവ ഒഴികെയുള്ള ചെലവുകൾക്ക് പ്രത്യേക ഹെഡ്ഡ് ഇല്ലാത്തതിനാൽ, അവർക്ക് നൽകുന്ന മറ്റ് ചെലവുകളുടെ വിവരങ്ങൾ വേർതിരിച്ച് അറിയുവാൻ സാധിക്കുന്നില്ല
2. സമാന സ്വഭാവമുള്ളതും പേരിൽ സാമ്യമുള്ളതുമായ നിരവധി ഹെഡ്ഡുകൾ സാംഖ്യയിലുള്ളതിനാൽ ഹെഡ്ഡ്മാറി അക്കൗണ്ട് ചെയ്യുന്ന പ്രവണത കണ്ടു വരുന്നുണ്ട്. ഇവയിൽ പലതും വളരെ അപൂർവ്വമായി ഉപയോഗിക്കുന്നവയും ആവശ്യമില്ലാത്തവയുമാണ്.
3. തെറ്റായി രേഖപ്പെടുത്തുന്ന ചെലവുകൾ ക്യാൻസൽ ചെയ്യുന്നത് പ്രസ്തുത തുക വരവായി എടുത്തും തെറ്റായ വരവുകൾ ക്യാൻസൽ ചെയ്യുന്നത് പ്രസ്തുത തുക ചെലവായി

രേഖപ്പെടുത്തിയുമാണ്.

4. നികുതിയിനത്തിലുള്ള കുടിശ്ശികകൾ ലഭിക്കുമ്പോൾ അവ തൻവർഷ വരുമാനമായാണ് സാംഖ്യയിൽ രേഖപ്പെടുത്തുന്നത്.

5. നിലവിൽ ഒരു രസീത് ക്യാൻസൽ ചെയ്യുവാൻ സാധിക്കുന്നത് രസീത് അച്ചടിച്ചദിവസവും പിറ്റേദിവസവും മാത്രമാണ്. സെക്രട്ടറിയുടെ ലോഗിനിൽ കൂടി മാത്രമേ ഇത് സാധ്യമാവുകയുള്ളു. ആയതിനാൽ ഏതെങ്കിലും വിധത്തിൽ സെക്രട്ടറിക്ക് കൂടുതൽ ദിവസങ്ങളിൽ അസൗകര്യമുണ്ടായാൽ രസീത് ക്യാൻസലേഷൻ ബുദ്ധിമുട്ടായിത്തീരുന്നു. ക്യാൻസൽഡ് രസീത് റിപ്പോർട്ടിൽ തീയതി ചേർക്കുവാനുള്ള സൗകര്യമില്ല.

സാംഖ്യ കൂടുതൽ ഉപയോഗപ്രദമാക്കുവാനുള്ള നിർദ്ദേശങ്ങൾ

1. ക്യാൻസൽഡ് രസീത് റിപ്പോർട്ടിൽ തീയതി രേഖപ്പെടുത്തുവാനുള്ള ഓപ്ഷൻ നൽകുക.

2. പേമെന്റ് ഓർഡർ നമ്പരും വൗച്ചർ നമ്പരും ഉൾപ്പെടുന്ന ബിൽരജിസ്റ്റർ ജനറേറ്റ് ചെയ്ത് എടുക്കുവാനുള്ള ഓപ്ഷൻ നൽകുക.

3. സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായത്തെ ഓൺലൈൻ സോഫ്റ്റ് വെയറാക്കി മാറ്റുക.

4. ഒരു ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരിക്കുന്ന എല്ലാ സോഫ്റ്റ് വെയറുകളും അടിയന്തിരമായി സാംഖ്യയുമായി ബന്ധിപ്പിക്കുക.

5. പഞ്ചായത്തിന്റെ വരവുമായി ബന്ധപ്പെട്ട ഏകദേശം 110 അക്കൗണ്ട് ഹെഡുകൾ ഫ്രണ്ട് ഓഫീസ് ക്ലർക്കിന്റെ കമ്പ്യൂട്ടറിൽ നിലവിൽ ലഭ്യമാണ്. ഇവയിൽ ഭൂരിഭാഗവും ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കുന്നവയല്ല. അക്കൗണ്ട് ഹെഡുകളുടെ ബാഹുല്യം വരവ് തുകകൾ തെറ്റായി പോസ്റ്റ് ചെയ്യുന്നതിന് ഇടയാക്കുന്നുണ്ട്. ആയതിനാൽ ആവശ്യമുള്ള അക്കൗണ്ട് ഹെഡുകൾ മാത്രം ഫ്രണ്ട് ഓഫീസിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.
6. സാംഖ്യയിൽ നിന്നും ലഭിക്കുന്ന എ.സി.ആറിൽ നിലവിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ മാത്രമേ ലഭിക്കുന്നുള്ളു. പ്രോജക്ടുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ കൂടി ഉൾപ്പെടുത്തുക.
7. സബ്സിഡറി കാഷ്ബുക്ക് ജനറേറ്റു ചെയ്യുവാനുള്ള ഓപ്ഷൻ നൽകുക.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം ; ഇല്ല

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർഅതോറിറ്റി, കോട്ടയം | വാർഡ് 8-ൽ പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ | 511523/17.3.14 | 238100 | - | 238100 |

| | | | | | |
|---|---|---|---|---|---|
| " " | വാർഡ് 16-ൽ പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ | 511527/3.4.14 | 600000 | 524202 | 75798 |
| " " | വാർഡ് 2-ൽ പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ | 511524/3.4.14 | 289000 | 185613 | 103387 |
| " " | വിവിധ എസ്.സി.കോളനികളിൽ പൈപ്പ് ലൈൻ വലിയ്ക്കൽ | 511528/3.4.14 | 1425000 | 339105 | 1085895 |
| കെ.എസ്.എ.ബി, ഗാന്ധിനഗർ | ചെമ്പുഴി-നാലുകണ്ടം റോഡിലെ 2 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 511030/24.2.14 | 9922 | - | 9922 |
| " " | 4-ാം വാർഡിൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 278655/10.3.14 | 23679 | - | 23679 |
| " " | എസ്.സി.കോളനികളിൽ സ്ട്രീറ്റ് മെയിൻ ലൈൻ വലിയ്ക്കൽ | 154234/31.3.14 | 19800 | - | 19800 |
| " " | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | 2788692/29.3.14 | 7123 | - | 7123 |
| " | " " | | 100000 | | 100000 |
| ബ്ളോക്ക് ഓഫീസ്, ഏറ്റുമാനൂർ | ഐ.എ.വൈ അധിക വിഹിതം നൽകൽ | 423473/25.11.13 | 400000 | 400000 | - |
| " " | " " | 511992/31.3.14 | 100000 | 100000 | - |
| " " | " " | 154233/31.3.14 | 21000 | 21000 | - |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് - ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (പലിശ) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനനിർമ്മാണവായ്പ | ത.സ്വ.ഭ.വ. 884/10 തീ. 16.03.10 | 2998200 | 351812.8 | 0 | 368792.8 | 0 |

വായ്പാ-പലിശ ബാധ്യത പൂർണ്ണമായി അടച്ച് തീർത്തിട്ടുള്ളതാണ്. എന്നാൽ പലിശയുടെ അവസാന ഗഡു അടച്ചതിൽ അധികച്ചെലവുള്ളതായി കാണുന്നു. പലിശയിനത്തിൽ അധികമായി ഒടുക്കിയ 16980/- രൂപ ആർപ്പൂക്കര സർവ്വീസ് സഹകരണബാങ്കിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

4-5 സ്ഥിരനിക്ഷേപങ്ങൾ- ഇല്ല

4-6 ഓഡിറ്റ് റിക്കവറി
ഈയിനത്തിൽ തൻവർഷം ലഭിച്ച 1300 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1997-98 (ചെലവ്) | 5-1 | 700 | റ്റി.ജിജി, യു.ഡി.സി. | 11308109153/06.03.14 |
| 1997-98 (ചെലവ്) | 5-2 | 600 | റ്റി.കെ.ഷൺമുഖൻ, ജൂനിയർ സൂപ്രണ്ട് | 1308109154/06.03.14 |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 35 | 2002-03 | 5-4(1) | പൈപ്പ് ലൈൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ | |
| 1999-2000 | 38 | 2002-03 | 5-4(2) | പാറപ്പുറം ശുദ്ധജല വിതരണ പദ്ധതി- ഗുണഭോക്തൃ വിഹിതം പിരിച്ചത്. പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല | |
| - | - | 2011-12 | - | ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും (പ്രവർത്തനാവലോകനം) | |

4-8 ഓഡിറ്റ് പ്രത്യവലോകനം
(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57276284 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54113673 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,22,043 രൂപ |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1623543 | ശ്രീ.പി.ജി.മധുസൂദനൻ നായർ, സെക്രട്ടറി (റിട്ട.) |
| 3-2 | 290000 | -ടി- |
| 3-5 | 208500 | ശ്രീമതി ഗീതാകുമാരി ബി, എെ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 2122043 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ- ഇല്ല**

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 95-96 | നം.എൽ.എഫ്.കെ.പി.4/1191/07 | | |
| 99-00 | നം.എൽ.എഫ്.കെ.പി.3-842/03<br>തീയതി 9.6.04 | | |
| 00-01 | നം.എൽ.എഫ്.കെ.പി4/677/07തീ.17.12.07 | | |
| 2001-02 | നം.എൽ.എഫ്.പി-4-719/07.തീയതി 21.1.08 | | |
| 2002-03 ചെലവ് | " "പി.4-743/07 തീയതി 01.02.08 | | |

| | | | |
|---|---|---|---|
| 2002-03 | “ “പി-4-743/07, 11.2.08 | | |
| 2003-04 | “ “ പി-4-989/09,9.10.09 | | |
| 2004-05 | “ “ പി-4-618/09,27.3.10 | | |
| 2005-06 | “ “ പി-4-619/09, 21.2.11 | | |
| 2006-07 | “ “ പി-4- 595/10, 8.11.11 | | |
| 2007-08 | “ “ പി4-596/10 ,8.1.11 | | |
| 2008-09 | “ “ പി-10-26/13,9.4.13 | | |
| 2009-10 | “ “ പി-10-27/13,9.5.13 | | |
| 2010-11<br>11-12 | “ “ പി-10-1346/13,22.10.13 | 13 | |
| 12-13 | “ “ പി-10-281/15, 21.4.15 | 13 | |

മേൽ ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന  ഓഡിറ്റ് വകുപ്പ്

**അനുബന്ധം 1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2013-14 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ  ഖണ്ഡിക 1-12 ൽ വിശദീകരിയ്ക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ

2013-14 ലെ വരവു-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 64 ഉും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് ഓഫീസ്, കോട്ടയം

അനുബന്ധം 5

| ക്രമ നം. | കെട്ടിട നമ്പർ | വിലാസം | നികുതി+ സേ.നികുതി+ ലൈ.സെസ് | കുടിശ്ശിക വർഷങ്ങൾ |
|---|---|---|---|---|
| 1 | I /70B | ജോൺ സഖറിയാസ്,ഗ്രേസ് കൗൺസിലിംഗ്,ഗാന്ധിനഗർ | 4224 +528 +211 | 03-04 മുതൽ |
| 2 | I /70 C | “ | 2668 +336+134 | 03-04 മുതൽ |
| 3 | II /404 | സി.സി.ആന്റണി, ചാരംകുളം | 864+120+44 | 07-08 മുതൽ |

| | | | | |
|---|---|---|---|---|
| 4 | II /12 C | അനു തോമസ്, പോൾസ് വില്ല | 1152+160+56 | 08-09 മുതൽ |
| 5 | II /84 B | നളിനി, പ്ലാത്തോട്ടത്തിൽ | 907+120+45 | 08-09 മുതൽ |
| 6 | II /84 C | “ | 1360+190+68 | 08-09 മുതൽ |
| 7 | III /45 A | കെ.റ്റി.ജേക്കബ്, കുന്നുംപുറത്ത് | 864+120+43 | 09-10 മുതൽ |
| 8 | IV /360 A | മാത്യു, തുരുത്തിമാലിപുത്തൻപുരയിൽ | 2160+300+108 | 10-11 മുതൽ |
| 9 | IV/255 A | സുധാകരൻ, വട്ടപ്പറമ്പിൽ | 510+72+16 | 04-05മുതൽ |
| 10 | IV/48 B | വി.കെ.ചെല്ലപ്പൻ, പതിയിൽ | 648+95+34 | 07-08 മുതൽ |
| 11 | IV/ 320 A | കെ.പി.ജോസഫ്/ ത്രേസ്യാമ്മ,കൊല്ലംപള്ളിൽ | 864+120+43 | 07-08 മുതൽ |
| 12 | VII /529 B | വർഗ്ഗീസ് കെ.എബ്രഹാം, കുറിച്ചിയത്ത് പുത്തൻവീട്ടിൽ | 1015+141+51 | 07-08 മുതൽ |
| 13 | VII /145 A | വിൻസെൻറ്, ചാവറ | 1044+145+52 | 08-09 മുതൽ |
| 14 | VIII /294 A | സി.ബി.ജോസഫ്, മൂന്നുകണ്ടത്തിൽ | 778+108+39 | 97-98 മുതൽ |
| 15 | VIII /289 A | കെ.വി.മാത്യു, കൈതപ്പാടം | 1000+140+50 | 09-10 മുതൽ |
| 16 | IX /397 | കുമാരൻ മണിയപ്പൻ, ചിറയിൽ | 410+58+21 | 92-93 മുതൽ |
| 17 | X /461 | പി.വി.ജോസ്, പുത്തൻപുരയിൽ | 1080+150+54 | 07-08 മുതൽ |
| 18 | X /558 A | എം.മുരളീധരൻ & സുഭദ്ര, ശ്രീശൈലം | 1080+150+54 | 08-09 മുതൽ |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്